602

September-
October, 2013

# First Year Higher Secondary Improvement Examination

Part – II

## മലയാളം
## MALAYALAM

Maximum : 80 Scores

Time : 2½ Hours
Cool off time : 15 Minutes

**നിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ **15** മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

1. പൊതു സവിശേഷതകൾ കണ്ടെത്തുക.
ചുവടെ നൽകിയിരിക്കുന്ന പേരുകൾ യാത്രാവിവരണങ്ങളുടേതാണ്. പേരിൽ സൂചിതമാകുന്ന സവിശേഷതകൾ ശ്രദ്ധിച്ച് യാത്രാ വിവരണങ്ങളുടെ പൊതു സ്വഭാവങ്ങളെപ്പറ്റി കുറിപ്പെഴുതുക.
   - വർത്തമാനപ്പുസ്തകം
   - ബിലാത്തിവിശേഷം
   - ഞാൻ കണ്ട യൂറോപ്പ്
   - ആപത്ക്കരമായ യാത്ര
   - എന്റെ ഹജ്ജ് യാത്ര
   - ആൾക്കൂട്ടത്തിൽ തനിയെ
   - മ്യൂനിച്ചിലെ സുന്ദരികളും സുന്ദരന്മാരും

   **മാതൃക** : യാത്രാവിവരണങ്ങൾ യാത്രാവേളയിലെയും ലക്ഷ്യസ്ഥാനത്തിലെയും വർത്തമാനങ്ങൾ പറഞ്ഞുതരുന്നു. **(അരപ്പുറം, സ്കോർ : 4)**

2. വിശകലനം ചെയ്യുക :

എം. പി. നാരായണപിള്ള എഴുതിയ കള്ളൻ എന്ന ചെറുകഥയുടെ ചർച്ചാവേളയിൽ അതിലെ പ്രമേയത്തെക്കുറിച്ച് മൂന്ന് വാദങ്ങൾ ഉയർന്ന് വന്നു.

- വിശപ്പ്
- ഭവനഭേദനം
- കരുണ

കഥ വിശകലനം ചെയ്ത് ഓരോ വാദഗതികളും വിലയിരുത്തുക. **(അരപ്പുറം, സ്കോർ : 4)**

3. ശീർഷകം നൽകി വിശദീകരിക്കുക :

പത്രത്തിലും ആനുകാലികങ്ങളിലും അനുസ്മരണ ലേഖനങ്ങൾ എഴുതുമ്പോൾ താഴെ പറയുന്ന രീതിയിൽ സൂക്ഷ്മമായ വിശേഷണങ്ങൾ തലക്കെട്ടുകളായി നൽകാറുണ്ടല്ലോ.

ഉദാ : അഹിംസയുടെ മന്ദമാരുതൻ (ശ്രീബുദ്ധൻ)

ശാസ്ത്രത്തിന് സമർപ്പിച്ച ജീവിതം (സി. വി. രാമൻ)

പറവകളുടെ കൂട്ടുകാരൻ (ഡോ. സലിം ആലി)

മഹാത്മാരായ രണ്ട് വ്യക്തികളുടെ പേരുകൾ നൽകുന്നു. ഉചിതമായ വിശേഷണ ശീർഷകങ്ങൾ നൽകി, അതിനുള്ള വിശദീകരണം ഓരോ വാക്യത്തിൽ എഴുതുക.

- ശ്രീനാരായണ ഗുരു
- രാജാരവിവർമ്മ

**(സ്കോർ : 4)**

4. ഉദാഹരിക്കുക :

''അകക്കോവിലിലുള്ളോരു
വിളക്കിൻ പ്രതിബിംബമായ്,
അനങ്ങാതെ തിരിത്തുമ്പ –
ത്തിരിക്കും സർവസാക്ഷി താൻ'' (ദീപം)

''-വിഹ്വല-നിമിഷങ്ങളേ, നിങ്ങളീ വീടൊഴിയുക !
നിറവാർന്ന കേവലാഹ്ലാദമേ, പോരിക !'' (വീടുകൾ)

ഇവിടെ നൽകിയിരിക്കുന്ന കവിതകളുടെ വ്യത്യസ്ത താളക്രമം ഭാവത്തെ നിർണയിക്കുന്നതിൽ എത്രമാത്രം സ്വാധീനം ചെലുത്തുന്നുവെന്ന് വിശദീകരിച്ച് കുറിപ്പ് തയാറാക്കുക. **(ഒരുപുറം, സ്കോർ : 6)**

5. കഥാപാത്ര നിരൂപണം :

സമ്പന്നതയുടെ ആർഭാടങ്ങൾ ചുറ്റും കാണുന്ന ദരിദ്രനും അതിനാൽ അപമാനിതനുമായ ഒരുവന്റെ നിലവിട്ട പ്രവൃത്തികളാണോ, എല്ലാവരെയും കബളിപ്പിക്കുന്ന, പുതിയ കാലത്തിലെ ഒരു വിരുതന്റെ തന്ത്രങ്ങളാണോ, മായാമയൻ എന്ന കഥയിലെ ഉണ്ണികൃഷ്ണനിൽ കാണുന്നത് ? – കഥാപാത്ര നിരൂപണം തയാറാക്കുക.

**(ഒരുപുറം, സ്കോർ : 6)**

6. പരിചയക്കുറിപ്പ് :




**കഥകളിയുടെ അരങ്ങ്**

കഥകളിയുടെ രംഗവേദിയെ സംബന്ധിച്ച് ഇവിടെ നൽകിയിരിക്കുന്ന സൂചനകൾ ഗ്രഹിച്ച് പ്രസക്തമായ മറ്റു വിവരങ്ങൾ കൂടി ചേർത്ത് ഒരു പരിചയക്കുറിപ്പ് തയാറാക്കുക. **(ഒരുപുറം, സ്കോർ : 6)**

7. ലഘുപ്രബന്ധം :

''സംഘട്ടനാത്മകമായ ജീവിതകഥയ്ക്കേ നാടകമാകാൻ കഴിയൂ. ഈ സംഘട്ടനം പ്രകടമോ നിഗൂഢമോ ആകാം. നിഗൂഢസംഘട്ടനങ്ങളും പ്രകടമാക്കിത്തീർത്താലേ സജീവ നാടകമാകൂ''. (എൻ. എൻ. പിള്ള)

– ഈ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ രാവണന്റെ ജീവിതകഥ പടയൊരുക്കം നാടകത്തിന് വിഷയമാക്കിയതിന്റെ ഔചിത്യത്തെക്കുറിച്ച് ലഘുപ്രബന്ധം രചിക്കുക. **(ഒരുപുറം, സ്കോർ : 6)**

8. താരതമ്യക്കുറിപ്പ് :

പി. പി. രാമചന്ദ്രന്റെ മാമ്പഴക്കാലം എന്ന കവിതയിൽ പോയ കാലത്തിന്റെ മാധുര്യത്തെപ്പറ്റി അനുഭൂതിദായകമായ ചിത്രങ്ങൾ അവതരിപ്പിക്കുന്നുണ്ടല്ലോ. ഇടശ്ശേരിയുടെ 'കുറ്റിപ്പുറം പാല'ത്തിലും എം. ടി. യുടെ 'കണ്ണാന്തളിപ്പൂക്കളുടെ കാല'ത്തിലും ഇത്തരം ആവിഷ്കാരമുണ്ട് – മൂവർക്കും ഭൂതകാലത്തോടുള്ള സമീപനം താരതമ്യം ചെയ്യുക. **(ഒരുപുറം, സ്കോർ : 6)**

9. മുഖപ്രസംഗം :

- ലോകത്ത് പല രാജ്യങ്ങളിലും വധശിക്ഷാവിധി നടപ്പിലില്ല.
- കൊടുംകുറ്റവാളികൾക്ക് കഠിനമായ ശിക്ഷ നൽകേണ്ടതുണ്ട്.

– ഈ സാഹചര്യത്തിൽ വധശിക്ഷയുടെ ധാർമ്മികവും നൈതികവും മാനുഷികവുമായ വശങ്ങൾ ആലോചിച്ച് സ്വീകരിക്കേണ്ട നിലപാട് വ്യക്തമാക്കുന്ന മുഖപ്രസംഗം (എഡിറ്റോറിയൽ) തയാറാക്കുക. **(ഒരുപുറം, സ്കോർ : 6)**

10. കവിതാ നിരൂപണം :

പരിസ്ഥിതി, വികസനം, പരിസ്ഥിതി സൗഹാർദ്ദപരമായ വികസനം എന്നീ ചിന്തകളുടെ ആദ്യാങ്കുരങ്ങൾ തികച്ചും മൗലികമായ കാഴ്ചപ്പാടിൽ, മലയാള സാഹിത്യത്തിൽ അവതരിപ്പിച്ചുവെന്നതാണ് കുറ്റിപ്പുറംപാലം എന്ന കവിതയുടെ വ്യതിരിക്തത.

– പ്രസ്താവനയുടെ അടിസ്ഥാനത്തിൽ കവിത നിരൂപണം ചെയ്യുക. **(ഒരുപുറം, സ്കോർ : 8)**

11. ഉപന്യാസം തയാറാക്കുക :

സ്വാഭാവിക സംഭാഷണ ഭാഷ നോവലിലും നാടകത്തിലും സിനിമയിലും ഉപയോഗിക്കുമ്പോൾ ആഖ്യാനത്തിന് സ്വാഭാവികതയും ചുറുചുറുക്കും ഉണ്ടാകുന്നുണ്ടോ ?

ഉദാ : ശങ്കു ആശാൻ : കെഴട്ടു കിഴവന് ഇവിടെ കാര്യമെന്തര് ? ചണ്ട പിടിക്കണതും തേക്ഷ്യപ്പെട്ടതും ആരെ അടുത്ത് ? അടിക്കാനും പിടിക്കാനും അച്ചിയോ മക്കളോ ഇരിക്ക്ണോ : നിങ്ങളെയൊക്കെ തർമങ്കൊണ്ട് വെള്ളം മോന്തിക്കിടക്കണ്. അറുപതും ചെന്ന് പി......പി....... പിറുപിറുത്ത ഈകി......... കിഴവന് ചാക്കാലയും പോക്കടിയും ഇല്ലാഞ്ഞിട്ടല്ലയോ ഇതൊക്കെ കാമാനും കേപ്പാനും ഇടവന്നത്.

(മാർത്താണ്ഡവർമ്മ – നോവൽ – സി. വി. രാമൻപിള്ള)

രാമൻ നായർ : "തിന്ന്ാന്നുന്നൂല്യ. ഒരു മന്നിങ്ങിട്ടു. അതിനൊക്കെ ഒരു മര്യാദേണ്ട്. അതല്ലലോ വ്ടോണ്ട്. തോന്ന്യാണങ്ങ തേങ്ങ്ട്ാ, രാത്ര്യായാ ആള്ക്കള് വരാ, തെങ്ങിമ്മക്കേറി, തേങ്ങ്യാട്ാ, തിന്ന്ാ, തോന്നിയത് കാട്ട്ാ, കൂത്തടിക്കാ ഇതാണ് അവ്ടത്തെ വട്ടം "

(പാട്ടബാക്കി – നാടകം – കെ. ദാമോദരൻ)

പ്രാഞ്ചി : "വെല സലാവുദ്ദീൻ പറഞ്ഞ വെല തന്നെ വക്കു പൊട്ടാണ്ടെ ആ കാഷ് ഞാനങ്ങു തരും. പക്ഷേ, ഒരു ചെറിയ പ്രശ്നണ്ട്...... ഈ കൂട്ടുകുടുംബ സെറ്റപ്പ്ന്ന് പറഞ്ഞാ........ ഞാനിത് കൊറേ ഡീല് ചെയ്തിട്ട്ള്ളതാ – ഇപ്പോമ്മളൊരു സ്ഥലം കണ്ട്, വെലൊറപ്പിച്ച്, അഡ്വാൻസാ വീശും... അപ്പ ദാ വര്ണു ഒരു പാർട്ടി. ന്റെ ഭാഗം വിൽക്കണില്ലാന്ന് പറഞ്ഞ് ഒരു കോടാലി എടുത്തെറിയും ആ എടപാടിൽക്ക്....... അങ്ങനെണ്ടായിട്ട്ണ്ട്..... അങ്ങനെ വല്ലതും ഇവ്ടൊണ്ടോ"

(പ്രാഞ്ചിയേട്ടൻ ആൻഡ് ദി സെയിന്റ് – സിനിമ – രഞ്ജിത്)

ഉദാഹരണങ്ങൾ കൂടി പരിഗണിച്ച്, 'വാമൊഴിവഴക്കവും കലകളും' എന്ന വിഷയത്തിൽ ഒരു ഉപന്യാസം തയാറാക്കുക. **(ഒന്നരപ്പുറം, സ്കോർ : 8)**

12. പരിഭാഷപ്പെടുത്തുക.

'What is it ? asked Apu, jumping off the Veranda in front of their house and coming up to her. Durga held a half coconut shell in her hands. She lowered it to show Apu its contents silvers of tender green mango before the seed had hardened. Then in an under tone, "Is ma back from the ghat yet ?" 'No' said Apu, shaking his head, 'can you fetch me a bit of oil and some salt ? she asked secretively. I'll pickle these....."

നോവൽ ഭാഗം പരിഭാഷപ്പെടുത്തുക. അതിനിടയിൽ നേരിട്ട പ്രശ്നങ്ങളെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക. **(സ്കോർ : 8)**

13. കത്ത് എഴുതുക :

| ചില്ലറ വില്പന മേഖലയിൽ വിദേശ കുത്തകകൾ |
|---|

– ഈ വാർത്തയുടെ ഉള്ളടക്കത്തെ പ്ലാസ്റ്റിക് എന്ന കഥയിലെ ആശയതലവുമായി ബന്ധിപ്പിച്ച് പത്രാധിപർക്ക് ഒരു കത്ത് എഴുതുക. **(ഒന്നരപ്പുറം, സ്കോർ : 8)**